**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3025** **22-06-2012 - ലെ മറുപടിയ്ക്ക്**

## തെങ്ങുകൃഷി ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | കേന്ദ്ര കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ തെങ്ങുകൃഷി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ തെങ്ങുകൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരുന്നതെന്ന് വിശദമാക്കുമോ; | (ബി) | കേര കർഷകർക്ക് തെങ്ങുകൾ ഇൻഷ്വർ ചെയ്യാൻ പ്രീമിയം ഇനത്തിൽ ആകെ 75% സബ്സിഡി ലഭിക്കുന്നു. നാമമാത്ര തുക മാത്രമേ കർഷകന് ചെലവാക്കേണ്ടി വരുന്നുള്ളൂ. കൃഷി ഭവൻ മുഖേന പ്രീമിയം അടയ്ക്കുന്നതിനും, നഷ്ടപരിഹാരം ലഭിക്കുന്നതിനും കഴിയുന്നതിനാൽ കർഷകർക്ക് വിലപ്പെട്ട സമയം ലാഭിക്കാനാകുന്നു. മെച്ചപ്പെട്ട സേവനം ലഭിക്കുന്നു. നാശനഷ്ടം നേരിട്ട തെങ്ങൊന്നിന് 15 വർഷം വരെയുള്ളവയ്ക്ക് 600/- രൂപയും 16 മുതൽ 60 വർഷം വരെയും പ്രായമുള്ളവയ്ക്ക് 1150/- രൂപയും നഷ്ടപരിഹാരം ലഭിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രീമിയ വിഹിതം എത്ര തുകയാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% നാളികേര വികസന ബോർഡും 25% കേരള സർക്കാരും, 25% കർഷകരും ഇൻഷ്വറൻസ് കമ്പിനിയിൽ അടയ്ക്കേണ്ടതാണ്. കർഷകർ അടയ്ക്കേണ്ട രൊക്കം പ്രീമിയം 15 വർഷം വരെ പ്രായമുള്ള തെങ്ങുകൾക്ക് തെങ്ങൊന്നിന് 1.17 രൂപയും 16 മുതൽ 60 വരെ പ്രായമുള്ള തെങ്ങുകൾക്ക് തെങ്ങൊന്നിന് 1.59 രൂപയുമാണ് അടയ്ക്കേണ്ടത്. |

(ഡി) പദ്ധതിയിൽ അംഗങ്ങളാകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

(ഡി) ശരാശരി 30 തേങ്ങകളെങ്കിലും ഒരു വർഷം ലഭിക്കുന്നതും 4 മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങുകളുമായാണ് ഇൻഷ്വർ ചെയ്യുന്നത്. അപ്രകാരമുള്ള 10 തെങ്ങുകൾ എങ്കിലുമുള്ള കർഷകർക്ക് ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യാം. ഒരേ തോട്ടത്തിൽ ഭാഗികമായി ഇൻഷ്വറൻസ് അനുവദിക്കുന്നതല്ല. തെങ്ങുകൾ ഇൻഷ്വർ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അതാതു പ്രദേശത്തെ കൃഷി ഭവനിൽ പ്രീമിയം ഒടുക്കി ഇൻഷ്വർ ചെയ്യാവുന്നതാണ്.

2012-13 വർഷത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ